# പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 2763**

**10.03.2017-ന് മറുപടിയ്ക്ക്**

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

**ചോദ്യം**

ശ്രീ.പി.കെ.ബഷീർ

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പേരിൽ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) ഉണ്ട്.

പൊതുവിദ്യാഭ്യാസ രംഗത്തെ നിലവിലുള്ള കുറവുകൾ പരിഹരിക്കുന്നതിനുവേണ്ടി മതനിരപേക്ഷ ജനാധിപത്യ ജനകീയ സമീപന രീതി ഉൾക്കൊണ്ടുകൊണ്ട് പൊതുവിദ്യാഭ്യാസരംഗം ആധുനികവൽക്കരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിച്ചിട്ടുള്ള 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

1) ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക.
2) ഹൈസ്കൂൾ, ഹയർ സെക്കന്ററി തലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.
3) എൽ.പി., യു.പി. ക്ലാസ്സുകളിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക രക്ഷാകർതൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കുക.

4) 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകുക, ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകുക, അടുത്ത 2 വർഷം കൊണ്ട് രണ്ടാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ഓരോ ജില്ലയിലും 5 സ്കൂളുകൾ ഒന്നാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്.

പൂർണ്ണമായും ശിശുകേന്ദ്രീകൃതമായുള്ള അദ്ധ്യാപന രീതിക്ക് ഊന്നൽ നൽകിക്കൊണ്ട് എല്ലാ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും പഠനത്തിൽ പങ്കാളിത്തം ഉറപ്പാക്കുന്ന ഒരു 'യൂണിവേഴ്സൽ ഡിസൈൻ ഓഫ് ലേണിംഗി'ന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപന പരിശീലന പദ്ധതികൾ കൂടി ഉൾപ്പെടുത്തി വിവരസാങ്കേതികാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി വിനിമയ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും പാഠ്യപദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കാത്ത പ്രശ്നം പരിഹരിക്കുന്നതിനായി പാഠ്യപദ്ധതിയിൽ ആവശ്യമായ മെച്ചപ്പെടുത്തലുകളും അദ്ധ്യാപക ശാക്തീകരണ പ്രവർത്തനങ്ങളും ഉൾപ്പെടെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിൽ വരുത്തുകയും ഇപ്രകാരം അദ്ധ്യാപന-അദ്ധ്യയന തലങ്ങളിൽ സമഗ്രമായ മാറ്റം വരുത്തുന്നതോടൊപ്പം കുട്ടികളുടെ നൈസർഗ്ഗിക കഴിവുകൾക്ക് പ്രോത്സാഹനം നൽകുന്ന വിധത്തിലുള്ള പദ്ധതികളും പൊതുവിദ്യാഭ്യാസ യജ്ഞം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ആദ്യ ഘട്ടത്തിൽ ഏതെല്ലാം നിയോജക മണ്ഡലങ്ങളിലെ ഏതെല്ലാം സ്കൂളുകളെയാണ് ഈ പദ്ധതിയുടെ ഭാഗമായി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നത്; ഇതിനാവശ്യമായ ഫണ്ട് എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; | (ബി) | അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തപ്പെടേണ്ട സ്കൂളുകളുടെ ലിസ്റ്റ് അർഹതാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. പദ്ധതി നിർവ്വഹണത്തിനായി സർക്കാർ ധനസഹായത്തിന് പുറമേ എം.പി., എം.എൽ.എ., ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ, എസ്.എസ്.എ, ആർ.എം.എസ്.എ. ഫണ്ടുകൾ, സ്പോൺസർഷിപ്പ് മുഖേന ലഭ്യമാകുന്ന ഫണ്ടുകൾ മുതലായവ പ്രയോജനപ്പെടുത്തിക്കൊണ്ട് പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടുകൂടി പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. |
| (സി) | ഇതിനായി എന്തെല്ലാം നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തപ്പെടേണ്ട സ്കൂളുകളെ തെരഞ്ഞെടുക്കേണ്ടതും ആയതിന് സർക്കാർ അനുമതി ലഭ്യമാക്കിയതിനുശേഷം പ്രസ്തുത സ്കൂളിന്റെ ഭൗതിക സാഹചര്യ വികസനത്തിനായി തനതായ ഒരു മാസ്റ്റർ പ്ലാൻ 08.12.2016-ലെ സ.ഉ.(സാധാ) നം. 205/2016/പൊ.വി.വ. നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് തയ്യാറാക്കേണ്ടതുമാണ്. |
| (ഡി) | എൽ.പി, യു.പി., ഹൈസ്കൂൾ, ഹയർ സെക്കന്ററി തലങ്ങളിൽ സ്കൂളുകൾ തെരഞ്ഞെടുക്കുന്നത് എങ്ങനെയാണ്; ഓരോ തലത്തിലും അനുവദിക്കുന്ന ഫണ്ട് എത്രയാണ്; വിശദാംശം നൽകുമോ? | (ഡി) | സ്കൂളുകൾ തെരഞ്ഞെടുക്കുന്ന വിഷയത്തിൽ കുട്ടികൾ കൂടുതലുള്ളതും പഴയ കെട്ടിടങ്ങളും ക്ലാസ് മുറികളുമുള്ള സ്കൂളുകൾക്ക് മുൻഗണന നൽകുന്നതായിരിക്കും. ഇക്കാര്യത്തിൽ സ്കൂളുകളുടെ സ്ഥല പരിമിതിയും ഒരു ഘടകമായി പരിഗണിക്കുന്നുണ്ട്. കൂടാതെ എല്ലാ വിഭാഗത്തിലുംപെട്ട കുട്ടികൾക്ക് |

പരമാവധി പ്രയോജനം ലഭിക്കത്തക്ക രീതിയിലായിരിക്കും സ്കൂൾ തെരഞ്ഞെടുപ്പ് നടത്തുക.

പദ്ധതി നിർവ്വഹണത്തിനായി സർക്കാർ ധനസഹായത്തിന് പുറമേ എം.പി., എം.എൽ.എ., ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ, എസ്.എസ്.എ, ആർ.എം.എസ്.എ. ഫണ്ടുകൾ, സ്പോൺസർഷിപ്പ് മുഖേന ലഭ്യമാകുന്ന ഫണ്ടുകൾ മുതലായവ പ്രയോജനപ്പെടുത്തിക്കൊണ്ട് പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടുകൂടി പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. ഇപ്രകാരം വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടുകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പദ്ധതി നിർവ്വഹണം നടത്താൻ ഉദ്ദേശിക്കുന്നതിനാൽ ഫണ്ട് സംബന്ധിച്ച കൃത്യമായ വിവരം നൽകാൻ നിർവാഹമില്ല.

സെക്ഷൻ ഓഫീസർ